പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **324** 09/04/2013 ൽ മറുപടിയ്ക്ക്

## റവന്യൂ വകുപ്പ് വഴി ലഭിക്കുന്ന ഓൺലൈൻ സേവനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ലൂഡി ലൂയിസ്**<br>**ശ്രീ. എം.എ. വാഹീദ്**<br>**ശ്രീ. എ.റ്റി. ജോർജ്**<br>**ശ്രീ. എം. പി. വിൻസെന്റ്** | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) **റവന്യൂ വകുപ്പ് വഴി ലഭിക്കുന്ന സേവനങ്ങൾ ഓൺലൈൻ ആക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;** | (എ) റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ സംസ്ഥാനമൊട്ടാകെ ഓൺലൈൻ വഴി നൽകിവരുന്നു. കൂടാതെ, പൈലറ്റടിസ്ഥാനത്തിൽ ഭൂമിയുടെ ഓൺലൈൻ വഴിയുള്ള പോക്കുവരവ് പാലക്കാട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 17 വില്ലേജുകളിൽ നടന്നു വരുന്നു. |
| (ബി) **ഏതെല്ലാം സേവനങ്ങളാണ് ഓൺലൈൻ വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;** | (ബി) റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ ഇപ്പോൾ കേരളമൊട്ടാകെ ഓൺലൈൻ വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ വഴി പോക്കുവരവ് നടത്തുന്നതിനുള്ള ReLIS(റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, വിവിധ ജില്ലകളിലെ റീസർവ്വേ പൂർത്തീകരിച്ച മറ്റ് 556 വില്ലേജുകളിൽക്കൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) **ഓൺലൈൻ വഴി ലഭിക്കുന്ന ഏതെല്ലാം സേവനങ്ങൾക്ക് ആധികാരികത ഉണ്ട് ; വിശദമാക്കുമോ ;** | (സി) 04.08.2010 ലെ G.O.(P) No.24/2010/ITD പ്രകാരം ഓൺ ലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്കും, 14.09.2011 ലെ G.O.(Ms) No.333/2011/RD പ്രകാരം ഓൺ ലൈൻ വഴി നടത്തുന്ന പോക്കുവരവുകൾക്കും ആധികാരികതയുണ്ട്. കൂടാതെ കേന്ദ്ര നിയമമായ 2000 ലെ ഐ.റ്റി. നിയമത്തിലെ സെക്ഷൻ 3 പ്രകാരം ഓൺലൈൻ ആയി നൽകുന്ന സർട്ടിഫിക്കറ്റുകളിലെ ഡിജിറ്റൽ ഒപ്പുകൾക്ക് ആധികാരികത ഉണ്ടെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) **ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത് ?** | (ഡി) റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടേയും, എൻ.ഐ.സി (NIC) യുടെയും അക്ഷയസെന്ററുകളുടേയും സഹായത്തോടെ ReLIS പദ്ധതിയും, റവന്യൂ വകുപ്പ് , ഐ.റ്റി. മിഷൻ, അക്ഷയസെന്ററുകൾ എന്നിവയുടെ സഹായത്തോടെ ഇ - ഡിസ്ട്രിക്ട് പദ്ധതിയും (ഓൺ ലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾ) നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ